# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 190

18.12.2012-ൽ മറുപടിക്ക്.

## എമർജിംഗ് കേരള പദ്ധതികൾക്കുള്ള അനുമതി

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ
ശ്രീ. എളമരം കരീം
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ബി. സത്യൻ

(എ) എമർജിംഗ് കേരളയെ തുടർന്ന് രൂപം നൽകിയ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലിന്റെയും, ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെയും അധികാരാവകാശങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

**ഉത്തരം**

ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി)

(എ) എമർജിംഗ് കേരളയിലൂടെ വരുന്ന പദ്ധതികളുടെ തുടർ നടപടികളിലേയ്ക്കായി 24.09.2012 ലെ സ.ഉ (സാധാ.) നം.1412/2012 വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പദ്ധതികളുടെ സാദ്ധ്യത, പാരിസ്ഥിതിക ആഘാതം, തുടങ്ങി വിവിധ കാര്യങ്ങൾ പരിശോധിക്കുന്നതിനും, തീരുമാനിക്കുന്നതിനുമായി താഴെ പറയുന്ന രണ്ട് പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. <u>ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ</u>

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രി ചെയർമാനായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപികരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ടതാണ് ഈ കൗൺസിൽ.

2.ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനർ ആയും കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നത് ഈ ബോർഡിന്റെ ചുമതലയായിരിക്കും.

(ബി) പ്രസ്തുത സമിതികൾ ഇതിനകം എത്ര തവണ കൂടുകയുണ്ടായെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) എമർജിംഗ് കേരളയിൽ ഷോക്കേസ് ചെയ്ത, എന്തു തുക നിക്ഷേപം പ്രതീക്ഷിക്കുന്ന, എത്ര പദ്ധതികൾക്ക് പ്രസ്തുത സമിതികൾ ഇതിനകം അനുമതി നൽകുകയുണ്ടായി; ഇപ്പോഴും സമിതികളുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഈ സമിതികളുടെ പരിഗണനയ്ക്ക് വന്നതും തള്ളിക്കളഞ്ഞതോ മാറ്റിവച്ചതോ ആയ പദ്ധതികൾ ഏതെല്ലാമാണ്?

(ബി), (സി), & (ഡി). എമർജിംഗ് കേരളയിലൂടെ വന്ന പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്. വകുപ്പുകൾ പദ്ധതികളുടെ പരിശോധന നടത്തി കൈമാറുന്ന മുറയ്ക്ക് ഈ സമിതികൾ ചേർന്ന് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**